Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

No. കൈറ്റ്/2020/1562 (1)

തീയതി : 04.01.2020

## സർക്കുലർ

വിഷയം:- കൈറ്റ് - ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ മൂല്യ നിർണയ രേഖകൾ സമർപ്പിക്കുന്നത് സംബന്ധിച്ച്

സൂചന : 1 സ. ഉ (സാധാ) നം 361/2018 പൊ വി വ തീയതി 20.01.2018

2. ഈ ഓഫീസിലെ 24.08.2019 ലെ KITE/2019/1562 (46) നമ്പർ സർക്കുലർ

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ 2018-2020 വർഷം ആരംഭിച്ച ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളിലെ അംഗങ്ങൾക്ക് പ്രത്യേക ഗ്രേഡ് സർട്ടിഫിക്കറ്റ് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സ്കോറുകൾ ലിറ്റിൽ കൈറ്റ്സ് ഓൺലൈൻ മാനേജ്മെന്റ് സിസ്റ്റത്തിൽ രേഖപ്പെടുത്തുവാനും ആയത് പ്രസിദ്ധപ്പെടുത്താനും നിർദ്ദേശിച്ചിരുന്നു. പത്താം ക്ലാസ് വിദ്യാർഥികളുടെ (ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ) സമ്പൂർണ്ണയിൽ നിലനിൽക്കുന്ന വിവരങ്ങൾ ലിറ്റിൽ കൈറ്റ്സ് ഓൺലൈൻ മാനേജ്മെന്റ് സിസ്റ്റത്തിലേക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇതിനുശേഷം അംഗങ്ങളുടെ വ്യക്തിഗത വിവരങ്ങൾ സമ്പൂർണ്ണയിലോ iexam ലോ മാറ്റം വരുത്തിയിട്ടുണ്ടെങ്കിൽ ആയത് ലിറ്റിൽ കൈറ്റ്സ് ഓൺലൈൻ മാനേജ്മെന്റ് സിസ്റ്റത്തിൽ പ്രതിഫലിക്കില്ല. പ്രസ്തുത സിസ്റ്റത്തിലെ ഡാറ്റാ ഉപയോഗിച്ചാണ് സർട്ടിഫിക്കറ്റ് തയ്യാറാക്കുന്നത്. ആയതിനാൽ താഴെപ്പറയുന്ന കാര്യങ്ങൾ ഉറപ്പ് വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. സമ്പൂർണ്ണയിലോ iexam ലോ വരുത്തിയ മാറ്റങ്ങൾ ലിറ്റിൽ കൈറ്റ്സ് ഓൺലൈൻ മാനേജ്മെന്റ് സിസ്റ്റത്തിൽ പ്രതിഫലിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതും ഇല്ലെങ്കിൽ ഇത് സംബന്ധിച്ച രേഖകൾ സഹിതം തിരുത്തലുകൾ വരുത്താനുള്ള അപേക്ഷ അതാത് ജില്ലാ കോഡിനേറ്റർക്ക് 2020 ജനുവരി 15-നകം സമർപ്പിക്കേണ്ടതും ജില്ലാ കോ-ഓർഡിനേറ്റർമാർ ഇതിന്റെ പകർപ്പ് ഇ-മെയിൽ മുഖാന്തിരം 2020 ജനുവരി 18-നകം സ്റ്റേറ്റ് ഓഫീസിൽ ലഭ്യമാക്കേണ്ടതുമാണ്.
2. ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ പേര്, ഇനിഷ്യൽ, അഡ്മിഷൻ നമ്പർ എന്നിവയിൽ പിശകുകൾ ഇല്ലായെന്ന് പ്രഥമാധ്യാപകരും കൈറ്റ് മാസ്റ്റർമാരും പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. പിന്നീട് പിശക് കണ്ടെത്തിയാൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്വം അതത് പ്രഥമാധ്യാപകർക്ക് ആയിരിക്കും.
3. എല്ലാ ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളും പ്രഥമാധ്യാപകർ സാക്ഷ്യപ്പെടുത്തിയ കൺസോളിഡേറ്റഡ് സ്കോർ ഷീറ്റ് (വ്യക്തിഗത വിവരങ്ങളിൽ തിരുത്തലുകൾ ഉണ്ടെങ്കിൽ രേഖപ്പെടുത്തി) 2020 ജനുവരി 15 ന് മുമ്പ് ജില്ലാ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

കെ. അൻവർ സാദത്ത്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അനുവദിച്ച സ്കൂളിലെ പ്രഥമാധ്യാപകർക്കും (കൈറ്റ് ജില്ലാകോർഡിനേറ്റർ മുഖേന)

പകർപ്പ്:

എല്ലാ ജില്ലാ കോർഡിനേറ്റർ/മാസ്റ്റർട്രെയിനർ കോർഡിനേറ്റർ/മാസ്റ്റർട്രെയിനർമാർക്കും
അക്കാഡമിക് വിഭാഗം/അക്കൗണ്ട്സ് വിഭാഗം, കൈറ്റ്സ്
സ്റ്റോക്ക് ഫയൽ